"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ. രതീഷ് കുമാറിന് ശൂന്യവേതനാവധി അനുവദിച്ച് നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.319/2022/F&WLD തീയതി, തിരുവനന്തപുരം, 26-07-2022.

---

പരാമർശം:- ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 03.11.2018, 12.05.2022 തീയതികളിലെ ഇ7-28920/2018 നമ്പർ കത്തുകൾ.

**ഉത്തരവ്**

മറയൂർ റേഞ്ചിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ. രതീഷ് കുമാറിന് 28.10.2016 മുതൽ 30.09.2017 വരെ 338 ദിവസത്തേയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിക്കുന്ന തിനായി സമർപ്പിച്ച അപേക്ഷയും മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതമുള്ള അനുബന്ധ രേഖകളും ശുപാർശ സഹിതം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശ കത്ത് പ്രകാരം സർക്കാരിന് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. 14/06/1994-ലെ സർക്കുലർ നം.36/94/ധന പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിയ്ക്ക് അപേക്ഷിയ്ക്കുന്നവർ കൃത്യസമയത്ത് അവധി അപേക്ഷ സമർപ്പിക്കേണ്ടതും രണ്ടാം വൈദ്യപരിശോധനയ്ക്കുള്ള അവസരം നഷ്ടപ്പെടുത്താതിരിക്കേണ്ടതുമാണ്. രണ്ടാം വൈദ്യപരിശോധനയ്ക്കുള്ള അവസരം നഷ്ടപ്പെട്ടതിനാൽ അപേക്ഷകന് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധി അനുവദിക്കാനാവില്ല.

3. മേൽ സാഹചര്യത്തിൽ, മറയൂർ റേഞ്ചിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ. രതീഷ് കുമാറിന്, 28.10.2016 മുതൽ 30.09.2017 വരെ, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ. എസ്. ആർ. ഭാഗം ഒന്ന്, ചട്ടം 88 പ്രകാരം, മെഡിക്കൽ സർട്ടിഫിക്കറ്റിൻമേലല്ലാതെ ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം. (സേവനപുസ്തകം സഹിതം).

- ശ്രീ.രതീഷ് കുമാർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ.(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്

കൺസർവേറ്റർ (ഭരണം) മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള,തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.( 19.07.2022 ലെ 2107835/അഗ്രി-എ1/155/2022/ധന പ്രകാരം).
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Noushad S**
**Date: 29-07-2022 12:24:21**
സെക്ഷൻ ഓഫീസർ.